Cn.241/21/...

05/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

**CP.244(6)/2015/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 2612/SIC-G5/2015**

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, വിവരാവകാശ കമ്മീഷണർ**

ശ്രീ. ലാലൻ എൻ.
കൃഷ്ണാലയം, പാറക്കര പി.ഒ.,
തട്ടയിൽ, അടൂർ, പത്തനംതിട്ട. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഹുസൂർ ശിരസ്തദാർ,
കളക്ടറേറ്റ്, പത്തനംതിട്ട. } എതിർകക്ഷി

**അന്തിമ ഉത്തരവ്**

കമ്മീഷന്റെ 20/07/2019-ലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീമതി. ഗീതാമണി കെ.ഒ. യുടെയും പി.ജി.ആർ. സെക്ഷൻ ക്ലാർക്ക് ശ്രീ. എം.ജെ. ജോബിന്റെയും വിശദീകരണം ലഭ്യമായത് പരിശോധിച്ചതിൽ മനഃപൂർവ്വമായി വിവരങ്ങൾ നിഷേധിക്കുന്നതിനോ ബോധപൂർവ്വം വിവരങ്ങൾ മറച്ചുവയ്ക്കുന്നതിനോ ടിയാളുടെ ഭാഗത്തു നിന്നും ശ്രമങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. എന്നാൽ വിവരാവകാശ നിയമം കൈകാര്യം ചെയ്യുമ്പോൾ കാട്ടേണ്ട ജാഗ്രത പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. അശ്രദ്ധമായും അലസമായും വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യാൻ പാടുള്ളതല്ല. മേലിൽ ഇത്തരം പ്രവൃത്തി ടിയാളുടെ ഭാഗത്തു നിന്നും ഉണ്ടാവാൻ പാടില്ല എന്ന് കമ്മീഷൻ ടിയാളെ ശക്തമായി താക്കീത് ചെയ്തുകൊണ്ട് ടി പരാതി ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 2021 നവംബർ 05- ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
എച്ച്. രാജീവൻ
വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION

sh